ഭരണഭാഷ - മാതൃഭാഷ

96

**കേരള സർക്കാർ**

## പൊതുഭരണ (ഏകോപനം) വകുപ്പ്

നം. 95058/സി.ഡി.എൻ.2/2012/പൊ.ഭ.വ. തീയതി, തിരുവനന്തപുരം, 17-12-2012

## പ രി പ ത്രം

വിഷയം:--രക്തസാക്ഷിദിനം - ഇൻഡ്യയുടെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് ജീവൻവെടിഞ്ഞവരുടെ സ്മരണാർത്ഥം 30-01-2013-ന് 2 മിനിട്ട് മൗനം ആചരിക്കുന്നത്-സംബന്ധിച്ച്

സൂചന:- 06-11-1975-ലെ 113058/എം.2/75/പി.ഡി. നമ്പർ പരിപത്രം

-----------

ഇൻഡ്യയുടെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് ജീവൻ വെടിഞ്ഞവരുടെ സ്മരണാർത്ഥം എല്ലാ വർഷവും രാജ്യമൊട്ടുക്ക് ജനുവരി 30-ന് രാവിലെ 11.00 മണിക്ക് 2 മിനിട്ട് മൗനം ആചരിക്കാറുണ്ട്. ഈ സമയം ഓരോരുത്തരും അവരവരുടെ സഞ്ചാരത്തിനും പ്രവർത്തനത്തിനും വിരാമമിട്ട് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് വീരമൃത്യു വരിച്ചവരെ സ്മരിക്കുകയാണ് പതിവ്. സൂചനയിൽ പരാമർശിക്കുന്ന പരിപത്രത്തിൽ സംസ്ഥാനത്ത് മൗനം ആചരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2. 2013 ജനുവരി 30 ബുധനാഴ്ച രാവിലെ 11.00 മണിക്ക് തങ്ങളുടെയും, തങ്ങളുടെ കീഴിലുള്ള ഓഫീസുകളിലും സ്വാതന്ത്ര്യ സമരത്തിൽ വീരമൃത്യുവരിച്ചവരെ അനുസ്മരിച്ച് 2 മിനിട്ട് മൗനം ആചരിക്കുന്നതിന് എല്ലാ വകുപ്പുമേധാവികളും, ജില്ലാ കളക്ടർമാരും, പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളിലെ മേധാവികളും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**എസ്. ദീപാദേവി**
അഡീഷണൽ സെക്രട്ടറി

എല്ലാ വകുപ്പു മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം

(.....................2)

PTO